(എ) കുടിവെള്ളം കുപ്പികളിലാക്കി വിൽക്കാൻ ജല അതോറിറ്റി പുതിയ പദ്ധതിക്ക് രൂപം നല്കിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) വാട്ടർ അതോറിറ്റി ഇതു സംബന്ധിച്ചു പരിഗണിച്ച നിർദ്ദേശങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം സ്ഥലങ്ങളിൽ എത്ര കപ്പാസിറ്റിയുള്ള ബോട്ടിലിംഗ് പ്ലാന്റുകൾ സ്ഥാപിക്കാനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിനായി വാട്ടർ അതോറിറ്റിയുടെ പശ്ചാത്തല സൗകര്യങ്ങൾ ബി.ഒ.റ്റി. അടിസ്ഥാനത്തിൽ വിട്ടുകൊടുക്കാൻ ഉദ്ദേശ്യമുണ്ടോ; ജിമ്മിൽ നിർദ്ദേശിച്ച പദ്ധതിയുമായി മുന്നോട്ടുപോകാൻ ഉദ്ദേശ്യമുണ്ടോ;

(ഇ) ശുദ്ധജല ദൗർലഭ്യം രൂക്ഷമായിരിക്കുന്ന പ്രദേശങ്ങളിലെ ജനങ്ങൾക്ക് കുപ്പികളിലാക്കി വില്പന നടത്തുന്ന കുടിവെള്ളം വാങ്ങി ഉപയോഗിക്കാനുള്ള കഴിവുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(എഫ്) സംസ്ഥാനത്ത് നിലവിൽ പ്രതിദിനം എത്രകോടി രൂപയുടെ വെള്ളം കുപ്പിയിലാക്കി വില്പന നടത്തുന്നു എന്ന് കണക്കാക്കിയിട്ടുണ്ടോ?

ഉത്തരം

(എ മുതൽ എഫ് വരെ) കേരളാ വാട്ടർ അതോറിറ്റി നേരിട്ടു നടപ്പിലാക്കുന്ന ഒരു പുതിയ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിവരുന്നതേയുള്ളൂ.

കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസിയുടെ പദ്ധതികൾ

60 [217] ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസിയുടെ പ്രവർത്തനം ആരംഭിച്ച ശേഷം ഓരോ വർഷവും ഏതൊക്കെ പഞ്ചായത്തുകളിൽ എത്ര ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പഞ്ചായത്തിലും എത്ര പദ്ധതികൾ പുതുതായി നടപ്പിലാക്കിയെന്നും നിലവിലുള്ള എത്ര പദ്ധതികൾ പുതുക്കിയെടുത്തെന്നും വെളിപ്പെടുത്തുമോ;

(സി) ഓരോ പഞ്ചായത്തിലെയും പദ്ധതികൾക്കുവേണ്ടി വകയിരുത്തിയ തുക, ചെലവഴിച്ച തുക, ഗുണഭോക്താക്കളുടെ എണ്ണം, പദ്ധതിക്ക് സാങ്കേതിക സഹായം നൽകിയ ഏജൻസി/സംഘടനയുടെ പേര്, സംഘടനയ്ക്ക് നൽകിയ ഫീസ് എന്നിവ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത പദ്ധതികളിൽ ഏതെങ്കിലും നിലവിൽ പൂർണ്ണമായും പ്രവർത്തനക്ഷമമല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(സി) അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പുതിയ കുടിവെള്ള പദ്ധതികൾ

61 [218] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പുതിയ കുടിവെള്ള പദ്ധതികൾ തുടങ്ങിയിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം എന്നതു സംബന്ധിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ ഇതിനായി ഏതെല്ലാം വിദേശ സഹായം സ്വീകരിച്ചിട്ടുണ്ട്; സർക്കാർ എന്തു തുക ചെലവാക്കിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(സി) വിദേശ സഹായം കൊണ്ട് ഏതെല്ലാം ജില്ലകളിൽ കുടിവെള്ള പദ്ധതികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു അവ ഏതെല്ലാം എന്നു വ്യക്തമാക്കുമോ;

(ഡി) പാലക്കാട്, തിരുവനന്തപുരം ജില്ലകളിൽ ഇപ്പോൾ പണി തുടങ്ങിയിട്ടുള്ള കുടിവെള്ള പദ്ധതികൾ ഏതെല്ലാം; അവയുടെ പ്രോജക്റ്റ് റിപ്പോർട്ട് ഉൾപ്പെടെയുള്ള വിശദാംശം വ്യക്തമാക്കുമോ;

(ഇ) പാലക്കാട് ജില്ലയിൽ അതിയായ കുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങൾ ഏതെല്ലാം എന്നും ഇവിടെ കുടിവെള്ളം എത്തിക്കാൻ എന്തു നടപടികൾ സ്വീകരിച്ചു വരുന്നു എന്നും വ്യക്തമാക്കുമോ;

(എഫ്) പാലക്കാട് ജില്ലയിൽ സ്വകാര്യ കമ്പനികളുടെ ജലചൂഷണംകൊണ്ട് കുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങൾ ഏതെല്ലാം; ഇത് തടയുന്നതിന് സർക്കാർ എന്തു നടപടികൾ സ്വീകരിച്ചു വരുന്നു;

(ജി) തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട നെയ്യാറ്റിൻകര കുടിവെള്ള പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly